# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 23 28.06.2016 ൽ - മറുപടിക്ക്

## പൊതുവിതരണ ശൃംഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കാരാട്ട് റസാഖ്<br>,, എം.എം. മണി<br>,, കെ.കെ. രാമചന്ദ്രൻ നായർ<br>,, കെ.വി. അബ്ദുൾ ഖാദർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല കാര്യക്ഷമമല്ലാത്ത അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഉണ്ട്. പൊതുവിതരണ ശൃംഖലയിലെ ഭക്ഷ്യധാന്യ തിരിമറി പൂർണ്ണമായും ഒഴിവാക്കി വകുപ്പ് കാര്യക്ഷമമാക്കുന്നതിനായി ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പൂർത്തിയായി വരികയാണ്.<br><br>2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വകുപ്പ് 10 അനുസരിച്ച് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പിൽ നടന്നു വരുന്നു. ഭക്ഷ്യ ധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയും നടന്നു വരുന്നു. റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിക്കൽ, ഭക്ഷ്യധാന്യങ്ങൾ നേരിട്ട് റേഷൻ കടകളിൽ എത്തിക്കുന്ന വാതിൽപ്പടി വിതരണം (സപ്ലൈകോ മുഖേന നടപ്പിൽ വരുത്തുന്നതിന്) തുടങ്ങിയ പ്രക്രിയകൾ പൂർത്തിയായി വരുന്നു. |
| (ബി) റേഷൻ കടകളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുന്ന 'എൻഡ് ടു എൻഡ്' പദ്ധതിയുടെ വിശദാംശം പരിശോധിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പിൽ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനും ആധാർ ഉൾപ്പെടുന്ന ബയോമെട്രിക് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണ തോതിൽ നടപ്പാകുമ്പോൾ ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ സർക്കാർ തന്നെ എത്തിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും റേഷൻ വിതരണ/വിഹിത വിവരങ്ങൾ ലഭ്യമാകത്തക്കവിധം സുതാര്യത പോർട്ടൽ **(Transparency Portal)** സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും സമയബന്ധിതമായി പരാതി പരിഹരിക്കുവാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)** നിലവിൽ വരും. ഓരോ പ്രദേശത്തേയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു **Decision Support System (DSS)** നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചു കൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; അവ പ്രാവർത്തികമായോ; ഇല്ലെങ്കിൽ അതിന്റെ കാരണം അവലോകനം ചെയ്തിട്ടുണ്ടോ; | (സി) | എൻഡ്-ടു-എൻഡ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. റേഷൻ ഉപഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുക<br><br>2. എഫ്.സി.ഐ. മുതൽ റേഷൻ കടകൾ വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക, ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് റേഷൻ കടകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.<br><br>3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുക.<br><br>4. ഉപഭോക്താക്കൾക്കായി സുതാര്യതാ പോർട്ടലും സുതാര്യമായ പരാതിപരിഹാര സംവിധാനവും ഒരുക്കുക.<br><br>മേൽപറഞ്ഞ ലക്ഷ്യങ്ങൾ പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതി പൂർണ്ണമായി വകുപ്പിൽ നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആരോപണം പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് ആരോപണങ്ങളില്ല. |

Thulasi

*സെക്ഷൻ ഓഫീസർ*